(ബി) ഈ യോഗങ്ങൾക്ക് മെംബർമാരുടെ ഡി. എ., ടി. എ. എന്നിവയുൾപ്പെടെ എന്തു തുക ആകെ ചെലവായിട്ടുണ്ട്?

ഉത്തരം.

(എ) 13 (പതിമൂന്ന്) യോഗങ്ങൾ നടന്നിട്ടുണ്ട്.

(ബി) 1969 ജനുവരി മുതൽ 1970 ജനുവരിവരെ അനുദ്യോഗസ്ഥാംഗങ്ങളുടെ ഡി. എ., റി. എ ഇനത്തിൽ 9021 രൂപാ 90 പൈസ ചെലവായിട്ടുണ്ട്.

കോട്ടയം ഡിസ്ട്രിക്ട് ഡെവലപ്പ്മെൻറ് കമ്മിറ്റി

* 3 (3) ശ്രീ. ജോസഫ് ചാഴിക്കാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1969 ജനുവരി ഒന്നു മുതൽ 1970 ജനുവരി ഒന്നുവരെ കോട്ടയം ഡിസ്ട്രിക്ട് ഡെവലപ്പ്മെൻറ് കമ്മിറ്റി (ഡി. ഡി. സി.) യുടെ എത്ര യോഗങ്ങൾ കൂടിയിട്ടുണ്ട്;

(ബി) ഓരോ യോഗത്തിനും അംഗങ്ങളുടെ ഡി. എ., റി. എ. എന്നിവയുൾപ്പെടെ എന്തു ചെലവായിട്ടുണ്ട്?

ഉത്തരം.

(എ) പതിനൊന്നു യോഗങ്ങൾ കൂടിയിട്ടുണ്ട്.

(ബി) 1969 ജനുവരി ഒന്നു മുതൽ 1970 ജനുവരി ഒന്നുവരെ അനുദ്യോഗസ്ഥ അംഗങ്ങളുടെ ഡി. എ. റി. എ ഇനത്തിൽ മൊത്തം 11,869 രൂപാ 30 പൈസ ചെലവായിട്ടുണ്ട്. ശരാശരി ഒരു മാസത്തെ ചെലവ് 989 രൂപാ 10 പൈസയാണ്.

ശമ്പള പരിഷ്ക്കരണം

4 (5) ശ്രീ. ജോസഫ് ചാഴിക്കാടൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഇന്നത്തെ ഗവൺമെൻറ് 1969 നവംബർ ഒന്നാംതീയതി ചാർജ് ഏറ്റതിനു ശേഷം ഏർപ്പെടുത്തിയിട്ടുള്ള വിവിധ ഡിപ്പാർട്ടുമെൻറുകളിലെ ശമ്പള പരിഷ്ക്കാരത്തിൻെറ ഫലമായി 1970-71 സാമ്പത്തിക വർഷത്തിൽ എന്തു തുക അധിക ച്ചെലവ് വരുമെന്ന് പറയാമോ?

ഉത്തരം

ഈ ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം പുതുതായി ശമ്പളപരിഷ്ക്കരണം ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ 1969-ജൂൺ മാസത്തിൽ മുൻ ഗവൺമെൻറ് പുറപ്പെടുവിച്ചിരുന്ന ശമ്പള പരിഷ്ക്കരണ ഉത്തരവിൽ വിട്ടുപോയ ഏതാനും തസ്തികകളും കൂടി ഉൾപ്പെടുത്തുക; നിർത്തലാക്കിയ ചില അലവൻസുകളും അതു കിട്ടിക്കൊണ്ടിരുന്നവരുടെ ശമ്പളത്തിൽ ലയിപ്പിക്കുക, സർക്കാർ ആഫീസുകളിലെ മിനിസ്റ്റീരിയൽ വിഭാഗത്തിൽ സൂപ്പർവൈസറി ഏർപ്പാടു കുറച്ചുകൂടി മെച്ചപ്പെടുത്തുക, ഡീയർനെസ് അലവൻസിൻെറ ഒരു ഭാഗം പെൻഷൻ ആനുകൂല്യങ്ങൾക്കുവേണ്ടി ഡീയർനെസ് പേ ആയി പരി

LIBRARY ARCHIVES Kerala Legislative Assembly